പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5670 — 02-07-2014 - ൽ മറുപടിയ്ക്ക്

## ഷൊർണ്ണൂർ മണ്ഡലത്തിലെ തടയണ നിർമ്മാണം

| ചോദ്യം<br>ശ്രീമതി കെ.എസ്.സലീഖ: | മറുപടി<br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് നിലവിൽ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള തടയണകൾ മൂലം എത്ര പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) ജലവിഭവ വകുപ്പിന്റെ കീഴിൽ നിർമ്മിച്ചിട്ടുള്ള തടയണകൾ മൂലം പദ്ധതി പ്രദേശത്തിനു ചുറ്റുമുള്ള പരിസരവാസികൾക്ക് കാർഷികാവശ്യത്തിനും കുടിവെള്ളാവശ്യത്തിനും പുറമേ ഭൂജലനിരപ്പ് ഉയരുന്നതിനും പ്രയോജനപ്പെടുന്നുണ്ട്. |
| (ബി) 2014-15-ൽ എത്ര തടയണകൾ കൂടി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്; ആയതിലേക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ട്; വിശദമാക്കുമോ ; | (ബി) 25/04/2014 ലെ 416/2014/WRD നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഭരണാനുമതി നൽകിയ 183 ചെക്ക് ഡാമുകളുടെ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് 106.60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) കൊച്ചി പാലത്തിന് സമീപത്തുള്ള തടയണയുടെ പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കും; ഇതിന് ആകെ അനുവദിച്ച തുക എത്ര; എത്ര തുക നാളിതുവരെ ചെലവഴിച്ചു; ബാക്കി ആവശ്യമായ തുക അനുവദിച്ച് തടയണയുടെ പ്രവർത്തനം കമ്മീഷൻ ചെയ്യാൻ സത്വരനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ ; | (സി) കൊച്ചി പാലത്തിനു സമീപമുള്ള തടയണയായ ചെറുതുരുത്തി തടയണ നിർമ്മാണത്തിന് ആദ്യം അനുവദിച്ച തുക 5 കോടി രൂപയാണ്. ഇതിൽ ചെലവാക്കിയ തുക 2.85 കോടി രൂപ. ബാക്കിയുള്ള പ്രവർത്തികൾക്കുവേണ്ടിയുള്ള 12.20 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി പരിഗണിച്ചെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം ഭരണാനുമതി നൽകിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) പ്രസ്തുത തടയണ പൂർത്തീകരിക്കുന്നതോടുകൂടി ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ; | (ഡി) പ്രസ്തുത തടയണ പൂർത്തീകരിക്കുന്നതോടു കൂടി ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷൻ, ഷൊർണ്ണൂർ നഗരസഭാ പ്രദേശം, വാണിയം കുളം പഞ്ചായത്ത് എന്നിവിടങ്ങളിലെ ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. |

(ഇ) ഷൊർണൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട വാണിയം കുളം ഗ്രാമപഞ്ചായത്തിലെ മാന്നന്നൂർ തടയണയുടെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇതിന്റെ അടങ്കൽ തുക എത്ര; നാളിതുവരെ എത്ര തുക അനുവദിച്ചു ; ഇതിൽ എത്ര തുക ചെലവഴിച്ചു; പ്രസ്തുത തടയണ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കും ; എത്ര പേർക്ക് ഇതിന്റെ ഗുണം ലഭിക്കും; വിശദാംശം ലഭ്യമാക്കുമോ ?

(ഇ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽപ്പെട്ട വാണിയംകുളം ഗ്രാമപഞ്ചായത്തിലെ മാന്നന്നൂർ തടയണയുടെ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിക്കായി 489.44 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഐ.ഐ.ടി മദ്രാസിൽ നിന്ന് ഡിസൈൻ ലഭിച്ചതിനുശേഷം മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. വലതു കരയിൽ ഒറ്റപ്പാലം താലൂക്കിനും ഇടതുകരയിൽ തൃശ്ശൂർ ജില്ലയിൽപ്പെട്ട തലപ്പിള്ളി താലൂക്കിനും ഈ പദ്ധതി പ്രയോജനപ്പെടും.

സെക്ഷൻ ഓഫീസർ.